(സി) കേരള എൻട്രൻസ് എക്സാമിനേഷന്റെ ഫോം വിതരണം, വാട്ടർ ബിൽ ഇ-പേമെന്റ്, ടെസ്റ്റ് ബുക്കുകളുടെ വിതരണം, എയ്ഡ്സ് കൺട്രോൾ സൊസൈറ്റി, National Rural Health Mission, TB Cell തുടങ്ങിയ സ്ഥാപനങ്ങൾക്കുള്ള പാഴ്സലുകൾ വിതരണം, അൽബൻഡസോൾ പോലെയുള്ള മരുന്ന് പായ്ക്കറ്റുകളുടെ വിതരണം തുടങ്ങിയ സേവനങ്ങൾ ഇപ്പോൾ തപാൽ വകുപ്പുമുഖേന നടത്തുന്നു. പോസ്റ്റൽ വകുപ്പ് നിശ്ചയിച്ചിരിക്കുന്നതാണ് ആയതിന്റെ നിരക്കുകൾ.

ജല മലിനീകരണം

87(2288) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളും ജല സ്രോതസുകളും വ്യവസായ മാലിന്യങ്ങൾ, ജൈവ മാലിന്യങ്ങൾ എന്നിവ കൊണ്ട് മലിനീകരിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മലിനീകരണങ്ങൾ തടയുന്നതിനായി മലിനീകരണനിയന്ത്രണ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം ;

(സി) മലിനീകരണനിയന്ത്രണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) ജല-വായു മലിനീകരണനിയന്ത്രണം കർശനമായി നടപ്പിലാക്കുന്നതിനും വ്യവസായ സ്ഥാപനങ്ങൾ ഇത് പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജല (മലിനീകരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരം ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണ്. ജലനിയമത്തിന്റെ പരിധിയിൽ വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ഉത്തുംഗ കെട്ടിടങ്ങൾ തുടങ്ങിയവയിൽ നിന്നുള്ള പാഴ്ജലം വേണ്ടവിധം ശുദ്ധിചെയ്ത് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ മലിനീകരണനിയന്ത്രണ ബോർഡിൽ നിന്നും നൽകുന്ന അനുമതിയിൽ നിഷ്കർഷിച്ചുവരുന്നു. വ്യവസായ സ്ഥാപനങ്ങൾ,

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽനിന്നെല്ലാം പുറത്തുവിടുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകുന്നു എന്നതിനാൽ മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള സംവിധാനങ്ങൾ ടി സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. ഹൗസ് ബോട്ടുകളിൽ നിന്നുള്ള സീവേജും ഗാർബേജും എഞ്ചിനിൽ നിന്നുള്ള എണ്ണയും മൂലമുണ്ടാകുന്ന ജലമലിനീകരണം നിയന്ത്രിക്കുന്നതിനായി ഹൗസ്ബോട്ടുകളെ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഹൗസ് ബോട്ടുകളിൽ സ്വീവേജ് സംഭരണ സംവിധാനം ഏർപ്പെടുത്തേണ്ടതും ഇപ്രകാരം ശേഖരിക്കുന്ന സ്വീവേജ് കരയിലെത്തിച്ച് ശാസ്ത്രീയമായ ശുദ്ധീകരണ സംവിധാനംവഴി സംസ്കരിക്കേണ്ടതുമാണ്. എഞ്ചിനിൽ നിന്നുള്ള മലിനീകരണം തടയുന്നതിനായി ഫോർ സ്ട്രോക്ക് ഔട്ട് ബോർഡ് എഞ്ചിനോ ഇൻ ബോർഡ് എഞ്ചിനോ ഉപയോഗിക്കേണ്ടതാണ്. വിനോദസഞ്ചാരവകുപ്പിന്റെ അധീനതയിൽ കുമരകത്ത് ഹൗസ്ബോട്ടുകളിൽ നിന്നുള്ള സ്വീവേജ് സംസ്കരിക്കുന്നതിനായി ഒരു പൊതു മലിനജല ശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഡിസ്ട്രിക് ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി ആൾ കേരള ഹൗസ് ബോട്ട് ഓണേഴ്സ് അസോസിയേഷൻ 180 KLD ശേഷിയുള്ള ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നീലംപേരൂർ പഞ്ചായത്തിലെ കുന്നുമ്മ വില്ലേജിൽ സ്ഥാപിച്ചിട്ടുണ്ട്. ഫോർ സ്ട്രോക്ക് ഔട്ട് ബോർഡ് എഞ്ചിനോ ഇൻ ബോർഡ് എഞ്ചിനോ ഉപയോഗിക്കുകയും സ്വീവേജ് മാലിന്യം കരയിലെ സ്വന്തമായ സ്വീവേജ് സംസ്കരണ സംവിധാനംവഴിയോ പൊതു മലിനജല ശുദ്ധീകരണ സംവിധാനം വഴിയോ സംസ്കരിക്കുകയും ചെയ്യുന്ന ഹൗസ് ബോട്ടുകൾക്കു മാത്രമേ ബോർഡ് അനുമതി പുതുക്കി നൽകുന്നുള്ളൂ. സംസ്ഥാനത്തെ പുഴകളുടെ മലിനീകരണത്തിന്റെ തോത് നിർണ്ണയിക്കുന്നതിനായി കേന്ദ്ര മലിനീകരണനിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നാഷണൽ ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും മലിനീകരണനിയന്ത്രണ ബോർഡിന്റെ തന്നെ സ്റ്റേറ്റ് ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ഉൾപ്പെടുത്തി കേരളത്തിലെ നദികളിൽ വിവിധ സ്ഥലങ്ങളിലായി വിവിധ സ്റ്റേഷനുകളിൽനിന്നും ബോർഡ് വെള്ളത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് പരിശോധന നടത്തി ഡയറക്ടറി പ്രസിദ്ധീകരിക്കുന്നുണ്ട്.

(സി) കൂടുതൽ മലിനീകരണമുണ്ടാക്കാൻ സാധ്യതയുള്ള വ്യവസായ സ്ഥാപനങ്ങളെ ചിമ്മിനിവഴി പുറന്തള്ളുന്ന പാഴ്വായുവിലെ മാലിന്യ ഘടകങ്ങളുടെ തോത് നിർണ്ണയം ചെയ്ത് കൂടുതൽ കാര്യക്ഷമമായ ഓൺലൈൻ മോണിറ്ററിംഗ് സംവിധാനംവഴി മലിനീകരണനിയന്ത്രണ പ്രവർത്തനം നടപ്പിലാക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly

മലിനീകരണനിയന്ത്രണ ബോർഡ് നടപടി സ്വീകരിച്ചു വരുന്നു. ഇത്തരം സ്ഥാപനങ്ങളിൽനിന്ന് പുറന്തള്ളുന്ന സംസ്കരിച്ച പാഴ്ജലത്തിന്റേയും പാഴ്വായുവിന്റേയും ഗുണനിലവാരം തത്സമയംതന്നെ മലിനീകരണനിയന്ത്രണ ബോർഡിന്റെ കാര്യാലയങ്ങളിലെ കമ്പ്യൂട്ടറുകളിൽ നേരിട്ട് ലഭ്യമാക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ പെട്ടെന്നുതന്നെ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും ഈ സംവിധാനം പ്രയോജനപ്പെടും. ആയതിനായി മലിനീകരണനിയന്ത്രണ ബോർഡിന്റെ കാര്യാലയങ്ങളിൽ സർവറും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനും മറ്റും നടപടികൾ സ്വീകരിച്ചുവരുന്നു. വ്യവസായ സ്ഥാപനങ്ങൾ നേരിട്ട് സന്ദർശിക്കാതെ അവിടങ്ങളിൽ നിന്നും പുറന്തള്ളുന്ന പാഴ്ജലത്തിന്റെ ഗുണനിലവാരം ഈ സംവിധാനത്തിലൂടെ മോണിറ്റർ ചെയ്യാൻ സാധിക്കുന്നതാണ്. ഈ സംവിധാനം ഘട്ടംഘട്ടമായി കൂടുതൽ വ്യവസായ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതാണ്.

(ഡി) ജല-വായു മലിനീകരണനിയന്ത്രണം കർശനമായി നടപ്പിലാക്കുന്നതിനും വ്യവസായ സ്ഥാപനങ്ങൾ ഇത് പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും മലിനീകരണനിയന്ത്രണ ബോർഡിൽനിന്നും വ്യവസായ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്ന അവസരങ്ങളിലും തുടർന്നും അത്തരം സ്ഥാപനങ്ങളിൽ പരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നു.

മലിനീകരണനിയന്ത്രണ പദ്ധതി

88(2289) ശ്രീ. പാലോട് രവി :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലനീകരണനിയന്ത്രണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്, വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly